അത്തോളി പോലീസ് സ്റ്റേഷന്റെ കെട്ടിടം പണി

1496. [2248] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞോ ;

(സി) കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞോ ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ജോലി എട്ടാം ധനകാര്യ കമ്മീഷൻ അവാർഡുപണികളിൽ ഉൾപ്പെടുത്തി 1986-87 വർഷത്തിൽ ചെയ്യാൻവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥലമെടുക്കുന്നതിനു വേണ്ട നടപടികളും നടന്നുവരുന്നു.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടില്ല.

പോലീസ് ഡിപ്പാർട്ടുമെന്റിലെ ക്യാമ്പ് ഫോളോവേഴ്സിന്റെ മെമ്മോറാണ്ടം

1497. [2249] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ടുമെന്റിലെ ക്യാമ്പ് ഫോളോവേഴ്സിന്റെ ഒരു മെമ്മോറാണ്ടം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മെമ്മോറാണ്ടത്തിൽ അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ഏതെല്ലാം ;

(സി) പ്രസ്തുത ആവശ്യങ്ങളെ സംബന്ധിച്ച് എന്ത് നടപടി ഇതിനകം ഗവൺമെന്റ് സ്വീകരിച്ചു ;

(ഡി) ഈ ആവശ്യങ്ങളെക്കുറിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. പി. ആർ. എ. അനുവദിക്കുക.
2. കാർട്ടേഴ്സ് അനുവദിക്കുക.
3. കുക്കിന് അനുവദിച്ചിട്ടുള്ള റിസ്ക് അലവൻസ് കൂട്ടുക.
4. ബാർബർക്കും സ്വീപ്പർക്കും ഡോബികൾക്കും റിസ്ക് അലവൻസ് അനുവദിക്കുക.
5. യൂണിഫോം അനുവദിക്കുക.
6. ശമ്പള സ്കെയിൽ കൂട്ടുക.
7. കോമ്പൻസേഷൻ ലീവ് അനുവദിക്കുക.
8. 25 വർഷത്തിനുമേൽ സർവീസിലുള്ള എല്ലാപേർക്കും സൂപ്പർ ഗ്രേഡ് അനുവദിക്കുക.
9. ക്ലാസ് ഫോർ ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുക.

(സി) പ്രസ്തുത ആവശ്യങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ആവശ്യങ്ങളെ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി സർക്കാർ ലവലിൽ ഒരു ചർച്ച ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

ഹിന്ദുസ്ഥാൻ ലാറക്സിന്റെ മുൻപിലെ സമരം

1498. [2250] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 13-7-1986 മുതൽ തിരുവനന്തപുരം ഹിന്ദുസ്ഥാൻ ലാറക്സിന്റെ മുൻപിൽ തൊഴിൽ രഹിതരായ യുവാക്കൾ സമരം നടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ സമരം നടത്തുന്നവരുടെ പേരിൽ പോലീസ് കേസെടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത് ;

(ഡി) എത്ര യുവാക്കളുടെ പേരിലാണ് കേസെടുത്തിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഐ. പി. സി. 143, 147, 149, 341, 506 (1) എന്നീ വകുപ്പുകൾ പ്രകാരം മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകൾ അന്വേഷണത്തിലാണ്. കൂടാതെ സി ആർ. പി. സി 151-ാം വകുപ്പു പ്രകാരം 16-10-1986-ൽ ക്രൈം നമ്പർ 311/86 എന്ന നമ്പർ കേസ് എടുത്ത് സമരം നടത്തിയവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 107 സി ആർ. പി. സി. അനുസരിച്ച് ചാർജ് കൊടുത്തിട്ടുള്ളതുമാണ്.

(ഡി) 84 യുവാക്കളുടേയും 53 യുവതികളുടേയും പേരിലാണ് കേസ് എടുത്തിട്ടുള്ളത്.

കോഴിക്കോട് ജില്ലയിൽ പുതിയ കോടതികൾ സ്ഥാപിക്കുവാൻ നടപടി

1499. [2251] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഒരു പുതിയ ക്രിമിനൽ കോടതിയോ സിവിൽ കോടതിയോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ബാലുശ്ശേരിയിൽ ഒരു മജിസ്ട്രേട്ട് കോടതി സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ബാലുശ്ശേരിയിൽ ഒരു കോടതി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഒരു മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly